ഓ മേരേ സോനാ രെ...

വിട ആശാ ഭോസ്‌ലെ 1933-2026

ആശാ നാദം ഇനി ഹൃദയങ്ങളിൽ

മുംബൈ▸ സ്വരമാധുര്യംകൊണ്ട് സംഗീതലോകത്തെ വിസ്മയിപ്പിച്ച വിഖ്യാത ഗായിക ആശാ ഭോസ്‌ലെ (92) ഓർമ്മയായി. ഹൃദയാഘാതത്തെത്തുടർന്ന് ശനിയാഴ്ച രാത്രി ബ്രീച്ച് കാൻഡി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഞായറാഴ്ച ഉച്ചയോടെയായിരുന്നു അന്ത്യം. 1943-ൽ, പത്താംവയസ്സിൽ മറാഠി ചിത്രമായ 'മജ്ഹ ബാലി'ലൂടെയാണ് പിന്നണിഗാനരംഗത്തേക്ക് പ്രവേശിക്കുന്നത്. പിന്നീട്, ഏറ്റവും മികച്ച ഗായികമാരിലൊരാളായി. ഏതുതരം പാട്ടുകളും അനായാസേന പാടാനുള്ള കഴിവായിരുന്നു പ്രത്യേകത. ശാസ്ത്രീയസംഗീതം, നാടൻപാട്ട്, പോപ്, റോക്ക്, ഖവാലി, ഗസൽ, ഭജന എന്നിവയിലെല്ലാം ഒരുപോലെ തിളങ്ങി. വിവിധ ഭാഷകളിലായി പന്ത്രണ്ടായിരത്തിലധികം ഗാനങ്ങൾ ആലപിച്ചു. 1977-ൽ പുറത്തിറങ്ങിയ 'സുജാത' എന്ന ചിത്രത്തിലെ 'സ്വയംവരം ശുഭദിന...' എന്ന ഗാനത്തിലൂടെ മലയാളത്തിലും പാടി.

പ്രശസ്ത സംഗീതജ്ഞൻ ദീനനാഥ് മങ്കേഷ്കറുടെയും ശേവന്തിയുടെയും മകളായി 1933-ൽ മഹാരാഷ്ട്രയിലെ ഗോറി ഗ്രാമത്തിലാണ് ജനനം. വിഖ്യാത ഗായിക ലതാ മങ്കേഷ്കർ മൂത്ത സഹോദരിയാണ്. ഹൃദയനാഥ് മങ്കേഷ്കർ, ഉഷാ മങ്കേഷ്കർ, മീനാ മങ്കേഷ്കർ എന്നിവരാണ് മറ്റു സഹോദരങ്ങൾ. 'ഭോസ്‌ലെ' എന്ന പേര് ആദ്യഭർത്താവ് ഗണപത് റാവു ഭോസ്‌ലെയിൽനിന്നാണ് ലഭിച്ചത്. 1960-ൽ ഈ ബന്ധം വേർപിരിഞ്ഞു. 20 വർഷത്തിനു ശേഷം പ്രശസ്ത സംഗീത സംവിധായകനായ ആർ.ഡി. ബർമനെ വിവാഹം കഴിച്ചു. മക്കൾ: ആനന്ദ്, പരേതരായ ഹേമന്ത്, വർഷ.

സംസ്കാരം തിങ്കളാഴ്ച വൈകുന്നേരം നാലിന് ഔദ്യോഗിക ബഹുമതികളോടെ ദാദറിലെ ശിവജിപാർക്കിൽ.



സ്വരമധുരം ബാക്കി

- ഏറ്റവും കൂടുതൽ ഗാനങ്ങൾ റെക്കോഡ് ചെയ്ത ഗായിക എന്ന ഗിന്നസ് ലോക റെക്കോഡ്
- ഗ്രാമി അവാർഡിന് നാമനിർദേശം ചെയ്യപ്പെട്ട ആദ്യ ഇന്ത്യക്കാരി
- മികച്ച ഗായികയ്ക്കുള്ള ദേശീയ അവാർഡ് രണ്ടു തവണ (1981, 1986)
- ദാദാ സാഹിബ് ഫാൽക്കെ പുരസ്കാരം(2001)
- പദ്മവിഭൂഷൺ(2008)
- 1981-ൽ പുറത്തിറങ്ങിയ 'ഉമ്രാവോ ജാൻ' എന്ന ചിത്രത്തിലെ ഗസലുകൾ കരിയറിലെ മികച്ചവയായിരുന്നു

സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ഇന്ന് ദാദറിൽ

വിവിധ ഭാഷകളിലായി പാടിയ ഗാനങ്ങൾ

12,000+

റഹ്മാനിലൂടെ തിരിച്ചുവരവ്

1990-കളിൽ സിനിമാരംഗത്തുനിന്ന് പതിയെ പിൻവാങ്ങിയ ആശയെ എ.ആർ. റഹ്മാനാണ് തിരിച്ചു കൊണ്ടുവന്നത്. 1995-ൽ പുറത്തിറങ്ങിയ 'രംഗീല' എന്ന ചിത്രത്തിലെ പാട്ടുകളെല്ലാം സൂപ്പർ ഹിറ്റുകളായി. തുടർന്ന് താൽ, ദൗഡ്, ഇരുവർ, ലഗാൻ തുടങ്ങി ഒട്ടേറെ റഹ്മാൻ ചിത്രങ്ങളിൽ ആശ പാടി

ജീവിതഗാനം




മീനാ ഖാദികർ, ലതാ മങ്കേഷ്ക്കർ, ഹൃദയനാഥ് മങ്കേഷ്ക്കർ ആശാഭോസ്‌ലേ, ഉഷാ മങ്കേഷ്ക്കർ, എന്നിവർ അമ്മ സുധാമതി (ശേവന്തി)ക്കൊപ്പം

പാട്ടുലോകത്ത് വിസ്മയകരമായ നേട്ടങ്ങൾ കൈവരിച്ചപ്പോഴും മഹാസങ്കടങ്ങളുടെ പെരുമഴയിൽക്കുതിർന്നതായിരുന്നു ആശയുടെ ജീവിതം. പത്താം വയസ്സിൽ അച്ഛന്റെ മരണത്തോടെയാണ് ജീവിതം ദുരിതപൂർണമായത്. മറാഠി കൊങ്കിണി നാടകകലാകാരനും പാട്ടുകാരനുമായ ദീനാനാഥ് മങ്കേഷ്ക്കറുടെയും ശേവന്തിയുടെയും മകളായി ജനനം. ലത, മീന, ഉഷ,ഹൃദയനാഥ് എന്നിങ്ങനെ നാല് സഹോദരങ്ങൾ. അച്ഛനായിരുന്നു സംഗീതഗുരു. ദീനനാഥിന്റെ മരണത്തോടെ കുടുംബം പ്രതിസന്ധിയിലായി. അന്ന് ലതാ മങ്കേഷിക്കറിന് വയസ്സ് പതിമ്മൂന്ന്. സംഗിതത്തിൽ വലിയ അഭിരുചിയുണ്ടായിരുന്നെങ്കിലും അച്ഛന്റെ മരണശേഷം തൊഴിൽ ചെയ്തു ജീവിക്കേണ്ടിവന്നു ആശയ്ക്കും സഹോദരങ്ങൾക്കും. മറാഠി സിനിമാസംവിധായകനായ മാസ്റ്റർ വിനായകിന്റെ സഹായത്തോടെ ലത ഗായികയായി സിനിമയിൽ അരങ്ങേറി. ലതയെപ്പോലെ പതിഞ്ഞ സ്വഭാവക്കാരിയായിരുന്നില്ല ആശ. കൗമാരകാലത്ത് ലതയുടെ മാനേജറായ ഗണപതി റാവു ഭോസ്ലെയ്ക്കൊപ്പം ആശ ഒളിച്ചോടി. ആ ഒളിച്ചോട്ടത്തിൽ ആകെ തകർന്നുപോയത് ലതാമങ്കേഷ്ക്കറായിരുന്നു. പതിനാറാം വയസ്സിലായിരുന്നു ഒളിച്ചോട്ടം. ഗണപതി റാവുവിന് ആശയുടെ ഇരട്ടിയോളം വയസ്സുണ്ടായിരുന്നു. പതിനഞ്ചാംവയസ്സിൽത്തന്നെ ' ചുനരിയെ' എന്ന ഹിന്ദി സിനിമയിലൂടെ ആശ സിനിമയിൽ അരങ്ങേറ്റം കുറിച്ചിരുന്നു. വിവാഹം കഴിഞ്ഞ് താമസിയാതെ തന്നെ ദാമ്പത്യ ജീവിതത്തിൽ പൊരുത്തക്കേടുകൾ തുടങ്ങി. പക്ഷേ പ്രതിഭകൊണ്ട് അതെല്ലാം മറികടക്കാൻ ആശയ്ക്ക് കഴിഞ്ഞു.

1960-ൽ ഗണപതിറാവുവുമായി പിരിഞ്ഞു. മൂന്നുകുട്ടികളുണ്ടായിരുന്നു ആ ദാമ്പത്യത്തിൽ. വളരെ കഷ്ടപ്പെട്ടായിരുന്നു ആശ മക്കളെ വളർത്തിയത്. പിൽക്കാലത്ത് അർബുദം ബാധിച്ച് മകൻ മരിച്ചതും, വിഷാദരോഗിയായ മകൾ മരിച്ചതും ആശയുടെ ജീവിതത്തെ ഉലച്ചു കളഞ്ഞു. വിവാഹബന്ധം വേർപെടുത്തിയ ആശ ചെന്നുകയറിയത് ലതയുടെ വീട്ടിലേക്കായിരുന്നു. ലത അവളെ സ്വീകരിച്ചു. വൈകാതെ ആശ ആർ.ഡി. ബർമനുമായി പ്രണയത്തിലായി കോളേജ് കാലത്തു തന്നെ ആർ. ഡി ബർമനെ ആശയ്ക്ക് പരിചയമുണ്ടായിരുന്നു. 'പഞ്ചം' എന്നായിരുന്നു അദ്ദേഹത്തിന്റെ കുട്ടിക്കലത്തെ വിളിപ്പേര്. ' കോളേജിൽ പോകാൻ മടിയുള്ള കട്ടിക്കണ്ണടക്കാരൻ' എന്നാണ് ആശ ബർമനെ ആദ്യം കണ്ടതിനെക്കുറിച്ച് ചോദിക്കുമ്പോൾ വിശേഷിപ്പാക്കാറ്. ഭാര്യ റീത്തയുമായി പിരിഞ്ഞ ബർമൻ ആശയുമായി അടുത്തു. നയ്യാറിന്റെ ഗാനങ്ങളിലൂടെ പ്രശസ്തിയിലേക്കുയർന്ന ആശാ ഭോസ്‌ലെ 1971 മുതൽ ബർമന്റെ പാട്ടുകളിലൂടെ അതി പ്രശസ്തയായി. 1980-ൽ ഇരുവരും വിവാഹിതായി. 1995-ൽ ബർമന്റെ അമ്പത്തിയഞ്ചാം വയസ്സിൽ ബർമൻ മരിക്കുന്നതുവരെ ഇരുവരും ഒരുമിച്ച് പാട്ടുകൾ ചെയ്തു.

ആശയുടെ രുചികൾ



പാട്ടിനെപ്പോലെ പാചകത്തെയും ഇഷ്ടപ്പെട്ടിരുന്നു ആശാ ഭോസ്‌ലെ. ആ ഇഷ്ടക്കൂടുതൽകൊണ്ടുതന്നെ ഒരു അന്താരാഷ്ട്ര റസ്റ്ററന്റ് ശൃംഖല സ്ഥാപിച്ചിരുന്നു അവർ. കബാബുകൾ, ബിരിയാണി, പെഷവാരി ദാൽ എന്നിങ്ങനെ വൈവിധ്യമാർന്ന വിഭവങ്ങൾ റസ്റ്ററന്റിൽ വിളമ്പിയിരുന്നു. ആഷാസ് എന്ന പേരിൽ 2002-ൽ ദുബായിൽ തുടക്കമിട്ട റസ്റ്ററന്റിന് പിന്നീട് ദുബായ്, കുവൈത്ത്, യു.കെ. എന്നിവിടങ്ങളിൽ ഒട്ടേറെ ശാഖകളുണ്ടായി.

മലയാളഗാനം പാടിയ ആശ



49 വർഷംമുൻപ് താൻ സംവിധാനംചെയ്ത 'സുജാത' എന്ന ചിത്രത്തിൽ ആദ്യമലയാള ഗാനം പാടിയ ആശാ ഭോസ്‌ലെയെ സംവിധായകൻ ഹരിഹരൻ ഓർമ്മിക്കുന്നു

'ചിത്ചോർ' എന്ന ഹിന്ദി സിനിമയിലെ ഹിറ്റ് ഗാനങ്ങളിലൂടെ യേശുദാസ് വെന്നിക്കൊടി പാറിച്ചുനടന്ന കാലത്താണ് കോഴിക്കോട്ട് പി.വി. ഗംഗാധരന്റെ ഉടമസ്ഥതയിലുള്ള ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ് 1977-ൽ ആദ്യചിത്രമായ സുജാതയുടെ നിർമാണപ്രവർത്തനം തുടങ്ങിയത്. ഞാനായിരുന്നു സംവിധായകൻ. യേശുദാസ് മുഖ്യഗായകൻ. ചിത്രത്തിലേക്ക് ചിത്ചോറിന്റെ സംഗീത സംവിധായകൻ രവീന്ദ്രജയിനിനെ നിർദേശിച്ചതും ദാസായിരുന്നു. അതോടൊപ്പം പുതിയൊരു ശബ്ദം വേണമെന്ന നിർബന്ധമുണ്ടായിരുന്നതിനാൽ ഞാൻ തന്നെയാണ് ആശാഭോസ്‌ലെയെ നിർദേശിച്ചത്. സംഗീതസംവിധായകൻ അതംഗീകരിച്ചു. അങ്ങനെയാണ് മുംബൈയിലെ പ്രശസ്തമായ മങ്കേഷ്കർ കുടുംബത്തിൽനിന്നുള്ള ആശാഭോസ്‌ലെ മലയാളത്തിലുമെത്തുന്നത്."



പി.വി. ഗംഗാധരൻ



മങ്കൊമ്പ്


ആശാഭോസ്‌ലെ പാടിയ ഏക മലയാളഗാനമാണ് 'സുജാത' എന്ന ചിത്രത്തിലെ 'സ്വയംവരശുഭദിന മംഗളങ്ങൾ, അനുമോദനത്തിന്റെ ആശംസകൾ...' എന്ന ഗാനം.

ഞാനും യേശുദാസും മങ്കൊമ്പുമൊക്കെ ഒന്നിച്ചാണ് അന്ന് മുംബൈയിൽ ആശാഭോസ്‌ലെയെ കാണാൻ പോയത്. ചിത്രത്തിൽ പാടാമെന്ന് അവർ സമ്മതമറിയിച്ചു. മലയാളം താൻതന്നെ പഠിപ്പിക്കാമെന്നു പറഞ്ഞ് ചിത്രത്തിലെ എല്ലാ ഗാനവും രചിച്ചിട്ടുള്ള മങ്കൊമ്പ് ഗോപാലകൃഷ്ണൻ അധ്യാപകന്റെ വേഷവും സ്വീകരിച്ചു. ഒറ്റ ദിവസംകൊണ്ടായിരുന്നു മലയാളം പഠിപ്പിച്ചത്. പിറ്റേന്നുതന്നെ ബോംബെയിൽവെച്ച് ഗാനം റെക്കോഡ് ചെയ്തു. ഹിന്ദിയിൽ വരികൾ എഴുതിയെടുത്താണ് അവർ മനോഹരമായി ആഗാനം ആലപിച്ചത്. വളരെ പ്രത്യേകതയുള്ള ശബ്ദമാണ് അവരുടേത്. വളരെ കാല്പനികഭംഗി നിറഞ്ഞതുമാണ്. അതുകൊണ്ടുതന്നെ ഏതു തരം പാട്ടും അവർക്ക് വഴങ്ങുമെന്ന് തോന്നിയിട്ടുണ്ട്. റെക്കോഡിങ്ങുമായി ബന്ധപ്പെട്ട് ഒരാഴ്ച അവർ മുംബൈയിലുണ്ടായിരുന്നു.

അതിനുശേഷം ഒരിക്കൽക്കൂടി ഒരു ചടങ്ങിൽവെച്ച് അവരെ കണ്ടുമുട്ടി; 2015-ൽ എറണാകുളത്തുനടന്ന ഒരു പ്രമുഖ ടി.വി.ചാനലിന്റെ ഉദ്ഘാടനച്ചടങ്ങിനിടെയായിരുന്നു അത്. അന്നവർ ഏറെ അടുപ്പത്തോടെ സംസാരിച്ചു. 'സുജാത'യുടെ റെക്കോഡിങ് കാലത്തെ ഓർമ്മകളും അയവിറക്കി. പ്രസംഗത്തിനിടെ, തന്നെ മലയാളത്തിന് പരിചയപ്പെടുത്തിയത് ഞാനാണെന്ന് അവർ അന്ന് നന്ദിപൂർവം പറഞ്ഞത് വലിയൊരു അംഗീകാരമായി കാണുന്നു. അവസരംകിട്ടിയാൽ ഇനിയും മലയാളത്തിൽ 'പാടണമെന്ന ആഗ്രഹവും പങ്കിട്ട അവർ സ്വയംവരശുഭദിന മംഗളങ്ങൾ'... എന്നഗാനം ഹൃദ്യമായി ആലപിച്ചശേഷമാണ് വേദിവിട്ടത്.



സ്വഭാവഗായിക -ശ്രീവത്സൻ ജെ. മേനോൻ



കാരക്ടറുള്ള ശബ്ദമാണ് ആശാ ബോസ്‌ലെയുടേത്. വെർസെറ്റൈലായ ഒരു അഭിനേതാവിനെപ്പോലെ ഏതുഭാവത്തിലും പകർന്നാട്ടംചെയ്യാൻ ശേഷിയുള്ള ഗായിക. ഒരു സംഗീത സംവിധായകൻ കൊതിക്കുന്ന ഗായിക. സ്വഭാവഗായിക എന്നുതന്നെ പറയാം.. ഉംമ്രാവോ ജാനിലെ 'ഇൻ ആഖോം കി മസ്തി മെ...' പാടിയ അതേ പാട്ടുകാരിയാണ് രംഗീലയും പാടുന്നത്. ഗസൽ മട്ടിലുള്ള ഗാനത്തിനുപറ്റിയ മോഡുലേഷൻ കൊടുക്കാനും സെൻസ്വൽ ആയ ഒരു പാട്ടിനുവേണ്ട ഡൈനാമിക്സ് നൽകാനും അവർക്കുമാത്രമേ കഴിയൂ. ലഗാനിലെ 'രാധാ കൈസെ ന ജലെ...' പാട്ടു നോക്കൂ. പതിനെട്ടുകാരിയുടെ എല്ലാം നിഷ്കളങ്കഭാവവും അവർ പ്രതിഫലിപ്പിച്ചു. ശബ്ദത്തിന് പല ഭാവങ്ങൾ നൽകാൻ വേറാർക്കുപറ്റും. ഒരു ട്രെയിൻഡ് സിങ്ങർക്കുപറ്റുന്ന ഒന്നല്ല അത്. അതൊരു വരദാനമാണ്.

പ്രധാനമന്ത്രി നരേന്ദ്രമോദി

'പിയാ തൂ'യിൽ തുടങ്ങി. 'തൻ ഹാ തൻഹാ' വരെ നീണ്ടു കിടക്കുന്ന, ക്ഷണിക്കുന്ന വശ്യതകൾ.

'ഈന മീന' പോലുള്ള റോക്ക് ആൻഡ് റോൾ സംഗതികൾ അവരെ ഇന്ത്യൻ പോപ്പ് സംഗീതത്തിന്റെ റാണിയാക്കി. ചെറുപ്പത്തിൽ എപ്പോഴോ കണ്ട ചലച്ചിത്രത്തിലെ ഗായികയും നർത്തകിയുമായ കാർമൻ മിറാൻഡയുടെ ശൈലിതന്നെ ഏറെ സ്വാധീനിച്ചതായി ആശയോർക്കുന്നുണ്ട്. 'ആയിയെ മെഹർബാനിലും', 'പർദെമെ രഹനെ ദോ'യിലും പതഞ്ഞുയരുന്ന 'നോട്ടിനെസ്സ്' തീർച്ചയായും മിറാൻഡയുടെ സ്വാധീനമാണ്. അതിന്റെ മോഹമുഗ്ധമാക്കുന്ന മാന്ത്രികതയിൽ അനുവാചകർ സ്ക്രീനിലെ നായകർക്കൊപ്പം വിവശരായി.

ലതയുമായി പിണങ്ങിയ ഒ.പി. നയ്യാരാണ് ആശയെ മുഖ്യധാരാ ഗായികയാക്കിയത്. 'ജായിയെ ആപ് കഹാ ജാ യേംഗാ', 'ആവോ ഹുസൂർ തുംകോ' തുടങ്ങിയ ഗാനങ്ങളിൽ തുളുമ്പിയ വിഷാദച്ഛവി ആശയുടെ ആഴമേറിയ ശബ്ദത്തിന് മറ്റൊരു മാനം നൽകി. 'പക്കീസയിലും' 'മുഗൾ ഇ അസത്തിലും' ലത അനശ്വരമാക്കിയ മെഹ്ഫിൽ, തവായിഫ് ഗാനങ്ങളുടെ റേഞ്ചിലേക്ക് ആശയ്ക്ക് എത്താനാവില്ല എന്ന മുൻധാരണകളെ മാറ്റിമറിച്ചത് ഖയ്യാം എന്ന സംവിധായകനാണ്. ഉംറാവോ ജാനിൽ 'ഇൻ ആംഖൊ കി മസ്തി കെ', 'ദിൽ ചീസ് ക്യാ ഹെ' എന്നീ ഗാനങ്ങൾ ആശയെ ആകാശത്തോളമുയർത്തി. വിരഹവും കാല്പനികതയും അഭിലാഷവും കടഞ്ഞെടുത്ത ആ ഖയാലുകളുടെ ആലാപനം, പെപ്പി സംഗീതത്തിൽ ഒതുക്കി നിർത്താൻ ശ്രമിച്ചവർക്കുള്ള മറു പടിയായിരുന്നു. 'പിയാ ബാവരി', 'കോനോാംഗ് വാ നഗരി യാ', 'ഭീനി ഭീനി ഭീനി ഭോർ' എന്നീ ഉജ്ജ്വലഗാനങ്ങളിലൂടെ ശുദ്ധശാസ്ത്രീയ സംഗതികളും തനിക്ക് എളുപ്പത്തിൽ വഴങ്ങുമെന്ന് അവർ തെളിയിച്ചു. ആശയുടെ ശബ്ദസാധ്യതകളെ മികച്ചരീതിയിൽ പ്രയോജനപ്പെടുത്തിയത് അവരുടെ ഭർത്താവായ ആർ.ഡി. ബർമ നായിരുന്നു. 'പിയ ബാവ് രി' എന്ന ക്ലാസിക്കൽ ഗാനം മുതൽ 'ദം മാരോ ദം' എ ന്ന സെൻസ്വൽ നമ്പറും 'ചുരാലിയാ ഹെ തുംനെ ജൊ ദിൽ കൊ' എന്ന റോമാൻറിക് ഗാനവും ആശയ്ക്ക് ദേശീയ പുരസ്കാരം നേടിക്കൊടുത്ത 'മേ രെ കുച്ഛ് സാമാ[...] എന്ന വിഷാദഗീതവുംവരെ നീളുന്ന അവി[...]ണിയമായ കൂട്ടുകെട്ട്. ആർ. ഡി.യുടെ മരണ[...]ഷം ആശയെ വീണ്ടെടു ത്തത് എ.ആർ. റഹ്[...]നാണ്. 'രംഗീലാ', 'തൻഹാ തൻഹാ', 'മു[...] രംഗ് ദെ', 'രാധാ കൈ സെ ന ജലെ' തുട[...] ഒട്ടേറെ ഹിറ്റുകൾ.

ആദ്യത്തെ പാട്ടിന് ലഭിച്ച പ്രതിഫലമായ [...]റുരൂപയുമായി മുംബൈ തെരുവിലെ ബടാ[...]വ് തിന്നാൻ ഓടിയിറങ്ങിയ പ്രസരിപ്പാണ് മന[...]ലിപ്പോഴും സൂക്ഷിക്കുന്നതെന്ന് അവർ നവ[...] പൂർത്തിയായപ്പോൾ പറഞ്ഞിരുന്നു. പ്രസരി[...]യിരുന്നു ആ പാട്ടുകളുടെയും ഗായികയുടെ[...] മുഖമുദ്ര; മരിക്കാത്ത ഓർമ്മകളുടെയും.



മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസ് ആശാ ഭോസ്‌ലെക്ക് അന്ത്യോപചാരമർപ്പിക്കുന്നു

[...]ം

വഴങ്ങി ആശ
[...] പ്രണയഗാന
[...]തൽ റോക്കൻ
[...]നാ ഡിക്കാ) മു
ഇൻ ആംഖോം
[...]ാഹേ മിലാനേ
[...]ുകളും (സുൻ
[...]യഗാനങ്ങളും

[...]ിൻതലമുറയി
കാലത്തിന്റെ
[...]ിൽക്കാനാകാ
[...]യ്ക്ക് ആ ദുരനു
[...]ുന്ന കാലത്തി
[...]ണങ്ങുംവിധം
[...]ുന്നു അവർ.
[...]ംഗീല'യിലെ
തൻഹാ'യും
(യേശുദാസി
കൈസേ നാ
[...]കൾക്കും പ്രിയ
ഈണത്തിൽ
മുഖി' (2005)
'കൊഞ്ചനേ
[...]ാം ആശയ്ക്ക്
[...]രു ഗാനം പാ
[...]ലെ 'സ്വയംവര

പ്രായത്തെ തോൽപ്പിക്കുന്ന സ്വരശുദ്ധി

-സുജാത മോഹൻ



വളരെയധികം ആത്മാർഥതയുള്ള ഗായികയായിരുന്നു ആശാജി. റഹ്മാന്റെ സംഗീതത്തിൽ ഹിന്ദിയിൽ ആശാജി പാടിയ രംഗീല എന്ന ചിത്രത്തിലെ 'രംഗീല രേ...', താൽ സിനിമയിലെ 'കഹീൻ ആഗ് ലഗേ ലഗ് ജാവേ...' തുടങ്ങിയ പാട്ടുകൾ തമിഴിലേക്ക് മൊഴിമാറ്റം ചെയ്തപ്പോൾ ഞാനാണ് പാടിയത്. അതുപോലെ ചന്ദ്രമുഖിയിലെ 'കൊഞ്ചനേരം കൊഞ്ചനേരം...' എന്ന പാട്ടിന്റെ തെലുങ്ക് പതിപ്പിലും എനിക്ക് പാടാൻ സാധിച്ചു. റൺ എന്ന സിനിമയിലെ 'കാതൽ പിസാസ്...' എന്ന പാട്ടിന്റെ റെക്കോഡിങ് സമയത്ത്, ആശാജിയുടെ വോയിസ് ടോൺ ചെറുതായെങ്കിലും അനുകരിക്കാൻ നോക്കണമെന്ന് വിദ്യാസാഗർ പറഞ്ഞതോർക്കുന്നു. ഒരു റിയാലിറ്റി ഷോയിൽ വെച്ചാണ് ആദ്യമായും അവസാനമായും ആശാജിയെ ഞാൻ കണ്ടത്. അന്ന് പരിചയപ്പെട്ടപ്പോൾ, എന്നെക്കുറിച്ച് കേട്ടിട്ടുണ്ടെന്നും അറിയാമെന്നും അവർ പറഞ്ഞപ്പോൾ ഞാൻ ഒരുപാട് സന്തോഷിച്ചിരുന്നു. നല്ലൊരു പാചകവിദഗ്ധ കൂടിയായിരുന്നു ആശാജി. ദുബായിലെ അവരുടെ റസ്റ്ററന്റിൽ ആശാജിയോടുള്ള പ്രേമംകൊണ്ട് ഭക്ഷണം കഴിക്കാൻ ഞാൻ പോയിട്ടുണ്ട്.



ലതാ ദീദി, ഒരു വിരുന്നു സത്കാരംപോലെ

ലതാ ദീദിയോടൊത്ത് പാടുകയെന്ന[...] ഒരു സംഗീതവിരുന്നുസത്കാരത്തി[...] പങ്കെടുക്കുന്നതുപോലെയാണ്. 'ഉത്സ[...]വ്', 'സ്വർഗ് സുന്ദര' തുടങ്ങിയ ചിത്ര[...]ങ്ങളിൽ ദീദിയോടൊപ്പം പാടിയിട്ടുണ്ട്[...] ഞാൻ നന്നായാണോ പാടുന്നതെന്ന[...]ത് എന്നെ നോക്കിയുള്ള ദീദിയുടെ ഭാ[...]വങ്ങളിലൂടെ വ്യക്തമാകുമായിരുന്നു[...] മുൻപ് ഞായറാഴ്ചകളിലും രാത്രിയില[...]മൊക്കെ ഞങ്ങൾ റെക്കോഡിങ്ങിന[...] പോയിരുന്നു. ദീദി മുറിയിലേക്ക് കയറി[...] വരുമ്പോൾ ഞങ്ങളെല്ലാം എഴുന്നേറ്റു[...] നിൽക്കും. അവർ ഇരുന്നശേഷം ഇരി[...]ക്കാൻ പറയുമ്പോൾ മാത്രമേ ഞങ്ങൾ[...] ഇരിക്കാറുള്ളൂ. അത്രയ്ക്ക് ബഹുമാനമാ[...]യിരുന്നു ദീദിയെ.

ജ്യോതി വെങ്കിടേഷ് മാതൃഭൂമിക്ക്[...] വേണ്ടി നടത്തിയ അഭിമുഖത്തിൽ നിന്ന്[...]



ശ്രീ ശ്രീ

അസ്തമിക്കുന്നില്ല ആശായുഗം

രവിമേനോൻ

അപൂർവമായേ ഉദാത്തമായ കാവ്യഗീതികൾ ആലപിക്കാൻ അവസരം ലഭിച്ചുള്ളൂ എന്നതായിരുന്നു ആശയുടെ ദുര്യോഗം. സംഗീതജീവിതത്തിന്റെ ആദ്യ ഘട്ടത്തിൽ പാടിയതേറെയും നൃത്തഗാനങ്ങളും സംഘഗാനങ്ങളും കുസൃതിപ്പാട്ടുകളും. ആ ഇമേജിൽനിന്ന് പുറത്തുകടക്കാൻ സഹായിച്ചത് സംഗീതസംവിധായകൻ ഓംകാർ പ്രസാദ് നയ്യാരുടെ ശക്തമായ പിന്തുണയാണ്. ജ്യേഷ്ഠസഹോദരി ലതാ മങ്കേഷ്കറെ സ്വന്തം സംഗീതഭൂമികയിൽനിന്ന് ബോധപൂർവം അകറ്റിനിർത്തിയ ഒ.പി. നയ്യാർ, അനിയത്തിക്ക് സമ്മാനിച്ചത് ഏറ്റവും ഹൃദയഹാരിയായ ഈണങ്ങൾ. 168 സോളോകൾ ഉൾപ്പെടെ 324 പാട്ടുകൾ നയ്യാർക്കുവേണ്ടി പാടി ആശ. ഇവയിൽ ഹിറ്റുകളല്ലാത്തവ അപൂർവം.

എന്തുകൊണ്ട് ആശയെ അളവറ്റ് ആശ്രയിച്ചു എന്ന ചോദ്യത്തിന് ഒരിക്കൽ നയ്യാർ നൽകിയ മറുപടി ഇങ്ങനെ: "പട്ടുപോലെ നേർത്ത ശബ്ദങ്ങളോട് പണ്ടേ ഭ്രമമില്ല എനിക്ക്. ഗാനത്തിന്റെ ഭാവം പൂർണമായി ഉൾക്കൊള്ളാൻ പ്രയാസമാണ് അത്തരം ശബ്ദങ്ങൾക്ക്. കുറച്ചുകൂടി കനംകൂടിയ ഭാവദീപ്തങ്ങളായ ശബ്ദങ്ങളാണ് ഗീതാ ദത്ത്, ഷംഷാദ് ബേഗം, ആശ എന്നിവരുടേത്. അവരിൽത്തന്നെ ഏറ്റവും റൊമാന്റിക്കായ ശബ്ദം ആശയുടേതും. ആശയുടെ ആലാപനത്തിൽ സ്വാഭാവികമായി കടന്നുവരുന്ന നിശ്വാസങ്ങൾ, നെടുവീർപ്പുകൾ, ചിരികൾ, ഗദ്ഗദങ്ങൾ... ഇവയൊക്കെ ഞാൻ പാട്ടുകളിൽ ഉപയോഗിച്ചിട്ടുണ്ട്."

സംശയമുണ്ടെങ്കിൽ ഒ.പി.ക്കുവേണ്ടി ആശ പാടി അവിസ്മരണീയമാക്കിയ പാട്ടുകൾ കേട്ടുനോക്കുക: ആയിയേ മെഹർബാൻ (ഹൗറാ ബ്രിഡ്ജ്), ജായിയേ ആപ് കഹാം ജായേംഗേ, യഹ് ഹേ രേഷ്മി സുൽഫോം കാ അന്ധേര (മേരേ സനം), സരാ ഹൗലേ ഹൗലേ ചലോ മേരെ സാജ്നാ (സാവൻ കി ഘടാ), ആവോ ഹുസൂർ തുംകോ (കിസ്മത്), വോ ഹസീൻ ദർദ് ദേ ദോ (ഹം സായ)... ഏറ്റവുമൊടുവിൽ ഇരുവരും ഒരുമിച്ച ചയ്ൻ സെ ഹം കോ കഭി (പ്രാൺ ജായേ പാർ വചൻ നാ ജായേ) എന്ന പാട്ടിൽ പോലുമുണ്ടായിരുന്നു അപൂർവസുന്ദരമായ ആ ഹൃദയബന്ധത്തിന്റെ തിളക്കം. തലമുറകൾ ഏറ്റുപാടിയ യുഗ്മഗാനങ്ങൾ വേറെ: ദീവാന ഹുവാ ബാദൽ, ആപ് യുഹി അഗർ ഹം സെ മിൽത്തേ രഹേ, ബഹുത് ശുക്രിയാ, ഇഷാരോ ഇഷാരോ മേ, പിയാ പിയാ പിയാ മോരെ ജിയാ പുകാരെ, കജ്രാ മൊഹബ്ബത് വാലാ.



ആർ.ഡി. ബർമനൊപ്പം

ജീവിതപങ്കാളിയായി മാറിയ ആർ.ഡി. ബർമനാണ് ആശയുടെ ശബ്ദത്തിന്റെ അപാരസാധ്യതകൾ ഔചിത്യപൂർവം പ്രയോജനപ്പെടുത്തിയ സംഗീതസംവിധായകൻ. ദം മാരോ ദം (ഹരേ രാമ ഹരേ കൃഷ്ണ), പിയാ തൂ (കാർവാൻ), ചുരാലിയ (യാദോം കി ബാരാത്ത്) തുടങ്ങിയ സൂപ്പർ ഹിറ്റ് ഗാനങ്ങളിലൂടെ ആശയെ 1970-കളിലെ ഇന്ത്യൻ യുവതയുടെ ആവേശമാക്കി വളർത്തിയ അതേ ആർ.ഡി.തന്നെയാണ് 80-കളിൽ എക്കാലത്തെയും മികച്ച കാവ്യഗീതികളിലൊന്നായ 'മേരാ കുച്ഛ് സാമാൻ' അവർക്ക് സമ്മാനിച്ചതും. എല്ലാ ജനുസ്സിൽപ്പെട്ട പാട്ടുകളും വഴങ്ങി ആശയ്ക്ക്. കാലത്തെ അതിജീവിച്ച പ്രണയഗാനങ്ങൾ (അഭീ നാ ജാവോ) മുതൽ റോക്കൻ റോൾ ഗാനങ്ങളും (ഈനാ മീനാ ഡീക്കാ) മുജ്രകളും (ദിൽ ചീസ് ക്യാ ഹേ, ഇൻ ആംഖോം കി മസ്തി) ഖവാലികളും (നിഗാഹേ മിലാനേ കോ ജീ ചാഹതാ ഹേ) ഭജനുകളും (സുൻ ലേ പുകാർ) അർധശാസ്ത്രീയഗാനങ്ങളും (ഛോട്ടാ സാ ബാൽമ) വരെ.

സ്വന്തം തലമുറയിലും പിൻതലമുറയിലുംപെട്ട ഗായകർ പലരും കാലത്തിന്റെ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കാനാകാതെ ഇടറിവീണപ്പോൾ ആശയ്ക്ക് ആ ദുരനുഭവം നേരിടേണ്ടിവന്നില്ല. മാറുന്ന കാലത്തിനും സാങ്കേതികവിദ്യക്കും ഇണങ്ങുംവിധം സ്വയം നവീകരിച്ചുകൊണ്ടിരുന്നു അവർ. എ.ആർ. റഹ്മാനുവേണ്ടി 'രംഗീല'യിലെ 'രംഗീലാരേ'യും 'തൻഹാ തൻഹാ'യും ദൗഡിലെ 'ഓ ബാവരെ'യും (യേശുദാസിനൊപ്പം) ലഗാനിലെ രാധാ കൈസേ നാ ജലേയും പാടിയ ആശ 1990-കൾക്കും പ്രിയങ്കരിയായി. വിദ്യാസാഗറിന്റെ ഈണത്തിൽ നയൻതാരയ്ക്കുവേണ്ടി 'ചന്ദ്രമുഖി' (2005) യിൽ മധു ബാലകൃഷ്ണനൊപ്പം 'കൊഞ്ചനേരം കൊഞ്ചനേരം' പാടുമ്പോൾ ആശയ്ക്ക് പ്രായം 72. മലയാളത്തിലും ഒരു ഗാനം പാടിയിട്ടുണ്ട് ആശ: 'സുജാത'യിലെ 'സ്വയംവര ശുഭദിന മംഗളങ്ങൾ.'

ആശാനാദം

പൈമ്പാലിന്റെയും കൽക്കണ്ടത്തിന്റെയും കരിമ്പിന്റെയും മാധുര്യമുള്ള പന്തീരായിരത്തോളം പാട്ടുകൾപാടി ആ കുയിൽ, കാലങ്ങൾക്കപ്പുറത്തേക്കുപറന്നു. സംഗീതത്തിന്റെ അതിരുകളെ അതിലംഘിച്ച അസാമാന്യമായ സവ്യസാചിത്വമുള്ള ഗായികയായിരുന്നു ആശാ ഭോസ്‌ലെ. അവരുടെ സംഗീതജീവിതം സാഹസികമായ അതിജീവനത്തിന്റെകൂടി കഥയാണ്.

ദശകങ്ങളോളം ഹിന്ദിസിനിമാഗാനരംഗം വട്ടംകറങ്ങിയ മഹാരാഷ്ട്രയിലെ മങ്കേഷ്‌കർ കുടുംബത്തിലായിരുന്നു ആശയുടെ ജനനം. പ്രശസ്ത സംഗീതജ്ഞനും നാടകകലാകാരനുമായ ദീനനാഥ് മങ്കേഷ്‌കറാണ് പിതാവ്. സഹോദരി ഇന്ത്യൻ സംഗീതരംഗത്തെ എക്കാലത്തെയും പ്രതിഭ ലതാമങ്കേഷ്‌കർ, പിന്നെ ഉഷാമങ്കേഷ്‌കർ, മീനാ ഖാദികർ, ഹൃദയനാഥ് മങ്കേഷ്‌കർ... എന്നിവരെല്ലാം സംഗീതരംഗത്ത് സ്വന്തം പ്രതിഭ അടയാളപ്പെടുത്തിയവർ. 16-ാം വയസ്സിൽ കുടുംബത്തിന്റെ അനുമതിയില്ലാതെ ഗണപത് റാവു ഭോസ്‌ലെയുമായി നടത്തിയ പ്രണയവിവാഹം പരാജയമായി. ഭോസ്‌ലെ എന്ന പേരും മൂന്നു മക്കളും മാത്രമായിരുന്നു ആ ബന്ധത്തിന്റെ ബാക്കി. അപമാനിതയായി കുട്ടികളുമൊത്ത് സ്വന്തംകുടുംബത്തിലേക്കുതന്നെ മടങ്ങേണ്ടിവന്നു. ലതാമങ്കേഷ്‌കർ ഹിന്ദിസിനിമാരംഗം അടക്കിവാഴാൻ തുടങ്ങുമ്പോഴാണ് ആശ അവിടേക്ക് ചുവടുവെക്കുന്നത്. അതുകൊണ്ടുതന്നെ ലതയുമായുള്ള താരതമ്യങ്ങളുടെ നിഴലിലായി ആശയുടെ സംഗീതജീവിതം. അത് അവർക്ക് വലിയ വെല്ലുവിളിയായിരുന്നു. ആരെങ്കിലും വെട്ടിയ വഴികളിലൂടെ നടക്കുകയല്ല തന്റെ നിയോഗമെന്ന് തിരിച്ചറിഞ്ഞ്. സംഗീതയാത്രയിൽ സ്വന്തമായി വഴിവെട്ടുകയായിരുന്നു ആശ. അതിനായി അവർ നടത്തിയ സംഗീതപരീക്ഷണങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്.

ലതാമങ്കേഷ്‌കറിന്റെ സ്ഫടികശുദ്ധമായ ശബ്ദം അപ്പുറത്തുണ്ടായിട്ടും തന്റെ ശബ്ദത്തെ ആവശ്യപ്പെടുന്ന ഒരു സംഗീതകാലത്തെ ആശാ ഭോസ്‌ലെ സൃഷ്ടിക്കുകതന്നെ ചെയ്തു. അത് ശുദ്ധവും സുതാര്യവുമായ സാഹോദര്യമത്സരത്തിന്റെ ഫലമായിരുന്നു. ലതാമങ്കേഷ്‌കർ ശുദ്ധസംഗീതത്തിന്റെ അടിത്തറയിൽ ഊന്നിമാത്രം മുന്നോട്ടുപോയപ്പോൾ ആശാ ഭോസ്‌ലെ സംഗീതത്തിന്റെ എല്ലാ വേലികളും പൊളിച്ചു. ഒരേസമയം, ക്ലാസിക്കലും ഗസലും ഖയാലും ഭജനും നാടൻപാട്ടുമെല്ലാം പാടി. ജഗ്ജീത് സിങ്ങിനും ഗുലാംഅലിക്കുമൊപ്പം ആലപിച്ച ഗസലുകൾ ആയിരങ്ങൾ ഹൃദയത്തിലേറ്റുവാങ്ങി. ലതയുടെ പാട്ടുകൾക്ക് നൗഷാദും ശങ്കറും ആർ.ഡി. ബർമനും സംഗീതംനൽകിയപ്പോൾ ആശ പാടിയത് അധികവും ഒ.പി. നയ്യാറിന്റെയും ആർ.ഡി. ബർമന്റെയും എ.ആർ. റഹ്മാന്റെയുമെല്ലാം പാട്ടുകളായിരുന്നു. ആർ.ഡി. ബർമൻ പിന്നീട് ജീവിതയാത്രയിലും ആശയുടെ സഹയാത്രികനായി. ആ കൂട്ടുകെട്ടിൽ പിറന്നത് അനശ്വരമായ ഗാനങ്ങളാണ്. 1990-കളിൽ ഹിന്ദിസിനിമാഗാനരംഗത്ത് ആശയ്ക്കൊരു ക്ഷീണകാലമുണ്ടായപ്പോൾ 1995-ൽ 'രംഗീല'യിലൂടെ എ.ആർ. റഹ്മാനാണ് കൈപിടിച്ചെഴുന്നേൽപ്പിച്ചത്. അതിനുശേഷം വീണ്ടും ആ സംഗീതയാത്ര തുടർന്നു. പോപ്പ്, ഫോക്കും കാബറെയുമെല്ലാം ഒരുപോലെ ആശയ്ക്കു വഴങ്ങി. ഇംഗ്ലീഷ് പോപ്പ് രാജാവായിരുന്ന ബോയ് ജോർജിന്റെയും അമേരിക്കൻ ക്ലാസിക്കൽ ഫ്യൂഷൻ സംഘത്തിന്റെയും കൂടെ പാടി. ഇംഗ്ലീഷ്, റഷ്യൻഗാനങ്ങളും ആശ പാടിയിട്ടുണ്ട്. സ്വന്തം ശബ്ദത്തെ പരീക്ഷണശാലയാക്കി ആശാ ഭോസ്‌ലെ ഇന്ത്യൻ സംഗീതത്തെ പതിറ്റാണ്ടുകളോളം തനിക്കുചുറ്റും കറക്കി.



മുഖപ്രസംഗം കേൾക്കാൻ, ക്യു.ആർ.കോഡ് സ്‌കാൻ ചെയ്യുക
www.mathrubhumi.com/podcast/editorial

ഇരുപതോളം ഭാഷയിൽ പാടിയിട്ടുണ്ട് ആശാ ഭോസ്‌ലെ. സഹോദരി ലതാമങ്കേഷ്‌കറോടൊപ്പം അൻപതോളം പാട്ടുകൾ പാടി. മലയാളത്തിൽ 'സുജാത' എന്ന സിനിമയ്ക്കുവേണ്ടി പാടിയ 'സ്വയംവര ശുഭദിന മംഗളങ്ങൾ...' എന്ന പാട്ട് ആകാശവാണിയിലെ എക്കാലത്തെയും ഹിറ്റുകളിലൊന്നാണ്. രാജ്യത്തിന്റെ അഭിമാനസംഗീതപ്രതിഭയായ ആശാഭോസ്‌ലെയെ രാജ്യം ദാദാ സാഹിബ് ഫാൽക്കെ, പദ്മഭൂഷൺ തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നൽകി ആദരിച്ചു. ഒരു ആദരവും അവർക്ക് ആരും തളികയിൽ വെച്ചുനൽകിയതായിരുന്നില്ല, മറിച്ച് സംഗീതംകൊണ്ട് പൊരുതി നേടിയതായിരുന്നു.

ഹരിലാൽ രാജഗോപാൽ



വൈവിധ്യത്തിൻെറ ആ സ്വരമാധുരിക്ക് എന്നും മധുരപ്പതിനേഴായിരുന്നു പ്രായം. ഏഴു പതിറ്റാണ്ടിന്റെ കാലയളവിൽ സംഗീതത്തിന്റെ മാറിമറഞ്ഞ അഭിരുചികളെ അനായാസം കൈക്കൊണ്ട ഗായിക. ഒരുപക്ഷേ, ലതാ മങ്കേഷ്കർക്കുപോലും അവകാശപ്പെടാൻ പറ്റാത്ത സംഗീതസഞ്ചാരം. രവീന്ദ്രസംഗീതംമുതൽ റീമിക്സുകൾവരെ വഴങ്ങുന്ന, ആശയ്ക്കുമാത്രം സാധ്യമായ അനായാസ ആലാപനവൈദഗ്ധ്യം. അതിനാൽത്തന്നെ ലോകത്തിൽ ഏറ്റവുമധികം റെക്കോഡുചെയ്യപ്പെട്ട സ്വരം.

ഹൃദയത്തെ വെണ്ണയാക്കുന്ന ലതയുടെ സ്വർഗീയ ഗാനാലാപനശൈലിയിൽനിന്ന് മനഃപൂർവമുള്ള വ്യതിയാനമാണ് ആശയുടെ അസ്തിത്വം, കാന്തശക്തിയുള്ള ശബ്ദം. അനുനാസികയിൽ തിളങ്ങുന്നത് മാദകത്വവും കുസൃതിയും. കനപ്പെടുത്തിയാൽ ക്ലാസിക്കൽ, കിന്നരിയിട്ടാൽ കാല്പനികം. എന്തൊരു വൈവിധ്യം.

സംഗീതസാമ്രാജ്യത്തിലേക്കുള്ള പ്രയാണം എളുപ്പമായിരുന്നില്ല എന്ന് ആശാജി പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. ജ്യേഷ്ഠസഹോദരിയായ ലതാ മങ്കേഷ്കറുടെ പ്രഭാവത്തിൽനിന്ന് കുതറിമാറി പുതിയ തട്ടകംതീർക്കുക അചിന്തനീയമായിരുന്നു. ലതയും ഷംസാദ് ബീഗവും ഗീതാദത്തും നിറഞ്ഞുനിന്ന ഹിന്ദി ചലച്ചിത്രലോകത്ത് ബാക്കിവന്ന പാട്ടുകൾപാടി വളർന്ന തുടക്കം. നാലു വയസ്സിനിളപ്പമുള്ള അനുജത്തിയെ സഹായിക്കാൻ ലത കാര്യമായി ഒന്നുംചെയ്തുമില്ല. ആഭിജാത്യം കുറഞ്ഞ കാബറെ ഗാനങ്ങൾ പാടിയാണ് ആശ പിടിച്ചുനിന്നത്. അതാകട്ടെ എക്കാലത്തെയും ജനപ്രിയ ഗാനങ്ങളായി തീരുകയുംചെയ്തു എന്നത് വൈരുധ്യം. സെക്കിനമ്പറുകളോട് ഒരിക്കലും ആശ അനിഷ്ടം പ്രകടിപ്പിച്ചില്ല.

യേശുദാസിനൊപ്പം

- ജാനെമൻ ജാനെമൻ,
- ഓ ബാവ് രെ, ഗവോ മേരെ മൻ,

കിഷോർ കുമാർ

- ഇന മീന ഡീഗാ
- കെഹ്ദു തുമെ..
- ഏക മെ ഔർ ഏക് തു
- യെ രാതെ യെ മോസം
- ഹാൽ കൈസാ ഹെ ജനാബ് കാ
- ഒ സാഥി ചൽ
- ഛോഡ് ദോ ആഞ്ചൽ സമാന ക്യാ കഹേഗാ
- ഖംല്ലം ഖുംല്ലം പ്യാർ
- ജാനെ ജാ ഢൂണ്ട്‌ഡ് താ
- ആജ് രപ്പട്ട് ജായെ തോ
- ജാനു മേരി ജാൻ
- നഹി നഹി അഭി നഹി
- താക്കി ഒ തക്കി
- ഇൻതഹാ ഹോ ഗയി ഇൻതസാർ കി

മുഹമ്മദ് റഫി

- ചുരാ ലിയാ ഹൈ തുംനെ
- ദീവാനാ ഹുവാ ബാദൽ
- അഭി നാ ജവോ ഛോഡ്കർ
- ഉഡെ ജബ് ജബ് സുൽഫെ തേരി
- അചരാ ജി മെഹ്‌റാരി ചലോ
- ഗുൻ ഗുനാ രഹെ
- ഇഷാരോ ഇഷാരോ
- ഓ മെരി സോനാരെ
- പർദാ ഹടാവോ
- എക് പർദേശി മേരാ
- ഓ ഹസീനാ സുൽഫോവാലി


മുകേഷ്

- ഹം ദോനോ മിൽകർ
- നീലി നീലി ഖട്ടാ
- യെ ദിൽ ലേകർ നസ് രാനാ
- മെ ഹർദം കിസികോ

ഷംഷാദ് ബീഗം

- കജ്‌രാ മൊഹബ്ബത് വാലാ





ാം

ക

 വ്യതിയാന
കത്വവും

യും

യ ശബ്ദം

ല്ലാത്ത സംഗീത
അവരുടെ
ജീവിതം നമ്മു



ആശാ ഭോസ്‌ലെ - പ്രധാന ഗാനങ്ങൾ



- ദം മാരോ ദം
  (ഹരേ രാമ ഹരേ കൃഷ്ണ)
- മേരാ കുച്ച് സാമാൻ
  (ഇജാസത്ത്)
- ചുരാ ലിയാ
  (യാദോം കി ബാരാത്ത്)
- ദിൽ ചീസ് ക്യാ ഹേ
  (ഉമ്രാവ്ജാൻ)
- പിയാ തൂ അബ് തോ ആജാ
  (കാർവാൻ)
- ജായിയേ ആപ് കഹാം
  ജായേംഗേ (മേരെ സനം)
- ജൂംകാ ഗിരാരെ
  (മേരാ സായാ)
- രംഗീലാ രേ
  (രംഗീല)
- അഭീ നാ ജാവോ
  (ഹം ദോനോം)
- ദീവാനാ ഹുവാ ബാദൽ
  (കശ്മീർ കി കലി)
- ആയിയെ മെഹർബാൻ,
  (ഹൌറ ബ്രിഡ്ജ്)
- ദോ ലവ്സോ കി ഹെ ദിൽ
  (ഗ്രേറ്റ് ഗാംബ്ലർ
- ജവാനി ജാനേ മൻ
  (നമക് ഹലാൽ)



